3155
19/3/15

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - കുമാരി ആര്യ ശ്രീനിവാസന് ശ്രവണ സഹായി വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================================================

**സാമൂഹ്യനീതി (സി) വകുപ്പ്**

സ.ഉ.(സാധാ) നം.142/2015/സാനീവ തീയതി, തിരുവനന്തപുരം, 16.03.2015

==================================================================================

പരാമർശം : 1. ശ്രീ. ശ്രീനിവാസന്റെ 17.03.2013 ലെ നിവേദനം.

2. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 10.01.2014 ലെ എച്ച്2/32694/13 നമ്പർ കത്ത്.

ഉത്തരവ്

കോഴിക്കോട് ജില്ലയിലെ അത്തോളി ഗവൺമെന്റ് ഹൈസ്കൂളിൽ എട്ടാം ക്ലാസ്സിൽ പഠിക്കുന്ന ബധിര മൂകവിഭാഗത്തിൽപ്പെടുന്ന 40% ത്തിലധികം ശ്രവണ വൈകല്യമുള്ള കുമാരി. ആര്യ ശ്രീനിവാസന് ശ്രവണസഹായി വാങ്ങുവാൻ അനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പുതിയ സാമൂഹ്യ സുരക്ഷിതത്വ സംരംഭങ്ങൾ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി അത്തോളി ഗവൺമെന്റ് ഹൈസ്കൂളിൽ എട്ടാം ക്ലാസ്സിൽ പഠിക്കുന്ന ബധിരമൂകവിഭാഗത്തിൽപ്പെട്ട 40% ത്തിലധികം ശ്രവണ വൈകല്യമുള്ള കുമാരി. ആര്യ ശ്രീനിവാസന് ശ്രവണസഹായി വാങ്ങുന്നതിന് 35,980/- ( മുപ്പത്തി അയ്യായിരത്തി തൊള്ളായിരത്തി എൺപത് രൂപ) 2235-60-200-83 (p) ശീർഷകത്തിൽ നിന്നും അനുവദിച്ച് ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**എൽ.എ. ഗ്രിഗോറിയസ്**

ഡെപ്യൂട്ടി സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം

ശ്രീ. ശ്രീനിവാസൻ, അരിയിൽ പി.ഒ. കൊളക്കാട്, അത്തോളി, കോഴിക്കോട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
✓വെബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്
(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ, ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ